പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6784 10.07.2014 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളിലെ മിനി കാൻസർ സെന്ററുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.. ജോസഫ് വാഴക്കൻ<br>ശ്രീ.ഡോമിനിക് പ്രസന്റേഷൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. റ്റി. എൻ പ്രതാപൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്ററുകൾ തുടങ്ങുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള കോഴിക്കോട്, കോട്ടയം, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി വിഭാഗത്തെ നിലവിൽ ടേർഷ്യറി കാൻസർ കെയർ സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. കൊച്ചിയിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(സി) പ്രസ്തുത കാൻസർ സെന്ററുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) & (സി) | കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് മിഷൻ "676" പദ്ധതിയിൽ ഉൾപ്പെടുത്തി ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>റേഡിയോതെറാപ്പി പ്ലാനിംഗ് ചെയ്യുവാനാവശ്യമായ സിമുലേറ്റർ നിലവിൽ കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. തിരുവനന്തപുരത്തും, തൃശ്ശൂരും വാങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. റേഡിയോ തെറാപ്പി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങൾ സജ്ജീകരിച്ചാൽ മാത്രമേ മിനികാൻസർ സെന്റർ യാഥാർത്ഥ്യമാകുകയുള്ളൂ. ആർ.സി.സി. യിൽ വിദഗ്ദ്ധ പഠനത്തിനായി പോയ ഡോക്ടർമാർ തിരിച്ചെത്തുന്നതോടെ അത് യാഥാർത്ഥ്യമാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ